18103146 (Pages : 2) Reg. No...............................

Name..................................

# B.A. DEGREE (C.B.C.S.) EXAMINATION, JUNE 2018

## Second Semester

Common Course II—Malayalam

ML 2CC T08—KAVITHAYUM NADAKAVUM

(For Model II CBCS Programmes)

[2017 Admission Onwards]

Time : Three Hours Maximum : 80 Marks

## Part A

I. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും പത്തു ചോദ്യത്തിനു ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം :

1 "പിരിയേണമരങ്ങിൽനിന്നുടൻ
ശരിയായ്ക്കളിതീർന്ന നട്ടുവൻ".
—ആശയം വിശദമാക്കുക.

2 "അവരുടെ ചുരുട്ടിയ മുഷ്ടിക്കുള്ളിൽ
ജീർണ്ണിച്ച ഒരു പത്തുരൂപാ നോട്ടുണ്ടായിരുന്നു"
—ആരുടെ ? വ്യക്തമാക്കുക.

3 "ആ വിളിയിലേക്ക് പ്ലാങ്കറ ഊറും മണം" ആരുടെ വിളി ?

4 വിഷം ഉറഞ്ഞ കല്ലുകളിൽ കവി കാണുന്നതെന്തെല്ലാം ?

5 "ലിംഗമാറ്റത്തിൻ ശസ്ത്രക്രിയയ്ക്കായ് നിൽപ്പാണിപ്പോൾ" ആര് ? വ്യക്തമാക്കുക.

6 "നെഞ്ചരിച്ചു പിഴിഞ്ഞു നീ ഞങ്ങളെ
കാത്തു കൊല്ലണേ ലോകൈക ദൈവമേ"
—കവി വ്യക്തമാക്കുന്നതെന്ത് ?

7 "കയ്യിനാൽ മരിച്ചെന്റെ ഹൃദയം മരവിച്ചു" ആരുടെ ? വ്യക്തമാക്കുക.

8 'തിരസ്കാരം' എന്ന കവിത നൽകുന്ന ദർശനം എന്ത് ?

9 "ഉള്ളം നടുങ്ങി ഞാൻ നിൽക്കയാണോമനേ
പൊള്ളിയുരുകി നിന്മുന്നിൽ"
—ആര് ? കാരണമെന്ത് ?

Turn over

10 "ഇതങ്ങനെയല്ല റോസാ

ഓട്ടമാണ് നമ്മുടെ ജീവിതം"

—ആശയം വിശദീകരിക്കുക.

11 മരിച്ച കുഞ്ഞുങ്ങൾ വരുന്നത് എവിടെനിന്ന് ?

12 'എന്തൊരു നാശമാണിത് ! എങ്ങിന്യാ ഇതിനെ ഇവിടെ പൊറുപ്പിക്ക്യാ' ആരുടെ വാക്കുകൾ ? സന്ദർഭം വിവരിക്കുക.

(10 × 2 = 20 marks)

## Part B

II. ഒരു പുറത്തിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിനു ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്കു വീതം :

13 'എത്ര പൂട്ടിവെച്ചാലും ഒരു കാലത്ത് അത് അരങ്ങത്ത് നിറയും' എന്ത് ? വിശദമാക്കുക.

14 'ആലപ്പുഴ വെള്ളം' എന്ന കവിതയുടെ ആശയം ചുരുക്കി എഴുതുക.

15 'കടം' എന്ന കവിതയിലെ ഐറണിയുടെ സ്വഭാവം എഴുതുക.

16 മകനോട് നാട്ടുപൗരനാകാരുത് എന്ന് കവി പറയാൻ കാരണമെന്ത് ?

17 'ആശുപത്രിയിൽ' എന്ന കവിത അവതരിപ്പിക്കുന്ന ദർശനത്തെക്കുറിപ്പ് വിവരിക്കുക.

18 ഭൂമിയിലെ ഏറ്റവും വലിയ രാജ്യം തുടങ്ങിയവരുടേതാണെന്ന് പറയുന്നതെന്തുകൊണ്ട് ?

19 'മരിച്ചു നോക്കുമ്പോൾ' എന്ന കവിത അവതരിപ്പിക്കുന്ന വിഷയം വിശകലനം ചെയ്യുക.

20 'പ്ലാവിന്റെ കഥ' ആവിഷ്കരിക്കുന്ന പ്രശ്നം വിശദീകരിക്കുക.

21 "ഘനമറ്റു കിടപ്പു മുത്തുതൻ

ജനനീശുക്തികൾ നീർക്കയങ്ങളിൽ"

—ഈ വിചാരത്തിനാധാരമാകുന്ന വസ്തുതകൾ വിശദീകരിക്കുക.

(6 × 5 = 30 marks)

## Part C

III. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിനു ഉത്തരമെഴുതുക. ഓരോന്നിനും 15 മാർക്കു വീതം :

22 'ഗ്രീഷ്മവും കണ്ണീരും' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

23 ആധുനികാന്തര മലയാള കവിതയുടെ പ്രത്യേകതകൾ പാഠഭാഗത്തിലെ കവിതകളെ ആധാരമാക്കി വിശദീകരിക്കുക.

24 സമകാലിക സ്ത്രീ അവസ്ഥകളോട് ബന്ധപ്പെടുത്തി **'ഓരോരോ കാലത്തിലും'** എന്ന നാടകത്തിന് നിരൂപണം തയ്യാറാക്കുക.

25 സീതയുടെ മനോവിചാരങ്ങളിൽ തെളിയുന്നതെന്തെല്ലാം ? വിവരിക്കുക.

(2 × 15 = 30 marks)